©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2021 മാർച്ച് 01<br>01st March 2021<br>1196 കുംഭം 17<br>17th Kumbham 1196<br>1942 ഫാൽഗുനം 10<br>10th Phalguna 1942 | നമ്പർ<br>No. **1031** |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ജി) വകുപ്പ്

വിജ്ഞാപനം

നമ്പർ 2966/ലെഗ്.ജി2/2021/നിയമം.

*തിരുവനന്തപുരം, 2021 മാർച്ച് 1*
*1196 കുംഭം 17*
*1942 ഫാൽഗുനം 10.*

2021 ഫെബ്രുവരി 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2021-ലെ 49-ാം നമ്പർ ഓർഡിനൻസ്

## 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും
2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും
2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര
സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വ കലാശാല ആക്റ്റും (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും, താൻ സത്വര നടപടി സ്വീകരിക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. <u>1986-ലെ 31-ാം ആക്റ്റും 2013-ലെ 24-ാം ആക്റ്റും 2015-ലെ 17-ാം ആക്റ്റും താല്ക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.</u>—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിനും (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിനും (2013-ലെ 24) 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിനും (2015-ലെ 17) 3 മുതൽ 5 വരെ വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യ മുണ്ടായിരിക്കുന്നതാണ്.

3. <u>1986-ലെ 31-ാം ആക്റ്റിനുള്ള ഭേദഗതി</u>.—1986-ലെ കൊച്ചി ശാസ്ത്ര സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31),—

(എ) 3-ാം വകുപ്പിൽ, 10-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"10എ. "അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി" എന്നാൽ 22എ വകുപ്പ് പ്രകാരമുള്ള അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി എന്നർത്ഥമാകുന്നു;";

(ബി) 16-ാം വകുപ്പിൽ, (ii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iiഎ) അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി;";

(സി) 22-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേ ണ്ടതാണ്, അതായത്:—

"22<u>എ.</u> <u>അന്തർ സർവ്വകലാശാല കൂടിയാലോചനാസമിതി</u>.—(1) താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രോ-ചാൻസലർ—ചെയർമാൻ;

(ബി) വൈസ്-ചാൻസലർ—അംഗം;

(സി) പ്രോ-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാർ—അംഗം;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി.

(2) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരം അന്തർ സർവ്വകലാ ശാലാ കൂടിയാലോചനാ സമിതി യോഗം ചേരേണ്ടതാണ്.

(3) സർവ്വകലാശാലയെയും സർക്കാരിനെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച്, സർക്കാർ തലത്തിൽ പരിഹരിക്കേണ്ട കാര്യങ്ങൾ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി പരിഗണിക്കേണ്ടതാണ്.";

(ഡി) 30-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"30. അപ്പലേറ്റ് ട്രൈബ്യൂണൽ.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) 65-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതൊരു കാര്യത്തിന്മേലുമുള്ള തർക്കം തീർപ്പാക്കു ന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്.".

4. 2013-ലെ 24-ാം ആക്റ്റിനുള്ള ഭേദഗതി.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24),—

(എ) 2-ാം വകുപ്പിൽ (ജെ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജെ എ) "അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി" എന്നാൽ 15എ വകുപ്പ് പ്രകാരമുള്ള അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി എന്നർത്ഥമാകുന്നു;";

(ബി) 8-ാം വകുപ്പിൽ (ii)-ാം ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ii എ) അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി;";

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി) 15-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേ ണ്ടതാണ്, അതായത്:—

"15എ. അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി.—(1) താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രോ-ചാൻസലർ—ചെയർമാൻ;

(ബി) വൈസ്-ചാൻസലർ—അംഗം;

(സി) പ്രോ-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാർ—അംഗം;

(ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി.

(2) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരം അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി യോഗം ചേരേണ്ടതാണ്.

(3) സർവ്വകലാശാലയെയും സർക്കാരിനെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച്, സർക്കാർ തലത്തിൽ പരിഹരിക്കേണ്ട കാര്യങ്ങൾ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി പരിഗണിക്കേണ്ടതാണ്.";

(ഡി) 23-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"23എ. അപ്പലേറ്റ് ട്രൈബ്യൂണൽ.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ ഉണ്ടായിരി ക്കേണ്ടതാണ്.

(2) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) 65-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതൊരു കാര്യത്തിന്മേലുമുള്ള തർക്കം തീർപ്പാക്കുന്ന തിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5. 2015-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17),—

(എ) 2-ാം വകുപ്പിൽ, (വി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(വി എ) "അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി" എന്നാൽ 26 എ വകുപ്പു പ്രകാരമുള്ള അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി എന്നർത്ഥമാകുന്നു;";

(ബി) 22-ാം വകുപ്പിൽ (i)-ാം ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iഎ) അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ;";

(സി) 26-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ട താണ്, അതായത്:—

"26എ. അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി.—(1) താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രോ-ചാൻസലർ—ചെയർമാൻ;

(ബി) വൈസ്-ചാൻസലർ—അംഗം;

(സി) പ്രോ-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാർ—അംഗം;

(ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി.

(2) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരം അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി യോഗം ചേരേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) സർവ്വകലാശാലയെയും സർക്കാരിനെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിഹരിക്കേണ്ട കാര്യങ്ങൾ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി പരിഗണിക്കേണ്ടതാണ്.";

(ഡി) 39-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"39. അപ്പലേറ്റ് ട്രൈബ്യൂണൽ.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ ഉണ്ടായിരി ക്കേണ്ടതാണ്.

(2) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) 65-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതൊരു കാര്യത്തിന്മേലുമുള്ള തർക്കം തീർപ്പാക്കുന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്.".

ആരിഫ് മുഹമ്മദ് ഖാൻ,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-G) Department**

NOTIFICATION

No. 2966/Leg. G2/2020/Law. *Dated, Thiruvananthapuram, 1st March, 2021*
*17th Kumbham, 1196*
*10th Phalguna, 1942.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the University Laws (Amendment) (No.3) Ordinance, 2021(49 of 2021).

By order of the Governor,

ARAVINTHA BABU P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 49 OF 2021

THE UNIVERSITY LAWS (AMENDMENT) (No.3) ORDINANCE, 2021

Promulgated by the Governor of Kerala in the Seventy-second Year of the Republic of India.

*AN*

*ORDINANCE*

*further to amend the Cochin University of Science and Technology Act, 1986, the Thunchath Ezhuthachan Malayala University Act, 2013 and the A.P.J. Abdul Kalam Technological University Act, 2015.*

*Preamble.*—WHEREAS, it is expedient further to amend the Cochin University of Science and Technology Act, 1986 (31 of 1986), the Thunchath Ezhuthachan Malayala University Act, 2013 (24 of 2013) and the A.P.J. Abdul Kalam Technological University Act, 2015 (17 of 2015) for the purposes hereinafter appearing;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the University Laws (Amendment) (No.3) Ordinance, 2021.

(2) It shall come into force at once.

2. *Acts 31 of 1986, 24 of 2013 and 17 of 2015 to be temporarily amended.*—During the period of operation of this Ordinance, the Cochin University of Science and Technology Act, 1986 (31 of 1986), the Thunchath Ezhuthachan Malayala University Act, 2013

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(24 of 2013) and the A.P.J. Abdul Kalam Technological University Act, 2015 (17 of 2015) shall have effect subject to the amendments specified in sections 3 to 5.

3. *Amendment of Act 31 of 1986*.—In the Cochin University of Science and Technology Act, 1986 (31 of 1986),—

(a) in section 3, after clause (10), the following clause shall be inserted, namely:—

"(10a) "Inter University Consultative Committee" means the Inter University Consultative Committee under section 22A;".

(b) in section 16, after item (ii) the following item shall be inserted, namely:—

"(iia) Inter University Consultative Committee;";

(c) after section 22, the following section shall be inserted, namely:—

"22A. *Inter University Consultative Committee*.—(1) There shall be an Inter University Consultative Committee consisting of the following members, namely:—

| | | |
|---|---|---|
| (a) The Pro-Chancellor | - | Chairman; |
| (b) The Vice-Chancellor | - | Member; |
| (c) The Vice-Chancellors of other Universities established by State law nominated by the Pro-Chancellor | - | Member; |
| (d) The Secretary to Government in charge of the Higher Education Department | - | Member. |

(2) The Inter University Consultative Committee shall meet as decided by the Chairman.

(3) The Inter University Consultative Committee shall consider matters to be resolved at Government level in respect of matters mutually affecting the Government and the University.";

(d) for section 30, the following section shall be substituted, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"30. *Appellate Tribunal*.—(1) There shall be an Appellate Tribunal for the purpose of this Act .

(2) Notwithstanding anything contained in this Act or any other law for the time being in force, the Appellate Tribunal constituted under section 65 of the Kerala University Act, 1974 ( 17 of 1974) shall function as the Appellate Tribunal for adjudicating dispute on any of the matter provided in this Act.".

4. *Amendment of Act 24 of 2013.*—In the Thunchath Ezhuthachan Malayala University Act, 2013 (24 of 2013),—

(a) in section 2, after clause (j) the following clause shall be inserted, namely:—

"(ja) "Inter University Consultative Committee" means the Inter University Consultative Committee under section 15A;";

(b) in section 8, after item (ii) the following item shall be inserted, namely:—

"(iia) Inter University Consultative Committee;";

(c) after section 15, the following section shall be inserted, namely:—

"15A *Inter University Consultative Committee*.—(1) There shall be an Inter University Consultative Committee consisting of the following members, namely:—

| | | |
|---|---|---|
| (a) The Pro-Chancellor | - | Chairman; |
| (b) The Vice-Chancellor | - | Member; |
| (c) The Vice-Chancellors of other Universities established by State law nominated by the Pro-Chancellor | - | Member; |
| (d) The Secretary to Government in charge of the Higher Education Department | - | Member. |

(2) The Inter University Consultative Committee shall meet as decided by the Chairman.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) The Inter University Consultative Committee shall consider matters to be resolved at Government level in respect of matters mutually affecting the Government and the University.";

(d) after section 23, the following section shall be inserted, namely:—

"23A. *Appellate Tribunal*.—(1) There shall be an Appellate Tribunal for the purpose of this Act.

(2) Notwithstanding anything contained in this Act or any other law for the time being in force, the Appellate Tribunal constituted under section 65 of the Kerala University Act, 1974 (17 of 1974) shall function as the Appellate Tribunal for adjudicating dispute on any of the matter provided in this Act.".

5. *Amendment of Act 17 of 2015*.—In the A.P.J. Abdul Kalam Technological University Act, 2015 (17 of 2015),—

(a) in section 2, after clause (v) the following clause shall be inserted, namely:—

"(va) "Inter University Consultative Committee" means the Inter University Consultative Committee under section 26A;";

(b) in section 22, after item (i) the following item shall be inserted, namely:—

"(ia) Inter University Consultative Committee;";

(c) after section 26, the following section shall be inserted, namely:—

"26A. *Inter University Consultative Committee*.—(1) There shall be an Inter University Consultative Committee consisting of the following members, namely:—

| | | |
|---|---|---|
| (a) The Pro-Chancellor | - | Chairman; |
| (b) The Vice-Chancellor | - | Member; |
| (c) The Vice-Chancellors of other Universities established by State law nominated by the Pro-Chancellor | - | Member; |
| (d) The Secretary to Government in charge of the Higher Education Department | - | Member. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) The Inter University Consultative Committee shall meet as decided by the Chairman.

(3) The Inter University Consultative Committee shall consider matters to be resolved at Government level in respect of matters mutually affecting the Government and the University.";

(d) for section 39, the following section shall be substituted, namely:—

"39. *Appellate Tribunal*.—(1) There shall be an Appellate Tribunal for the purpose of this Act .

(2) Notwithstanding anything contained in this Act or any other law for the time being in force, the Appellate Tribunal constituted under section 65 of the Kerala University Act, 1974 (17 of 1974) shall function as the Appellate Tribunal for adjudicating dispute on any of the matter provided in this Act.".

ARIF MOHAMMED KHAN,

*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.03.01 08:43:03 +05:30